## എക്സ്റേ പ്ലാന്റുകൾ പ്രവർത്തിപ്പിക്കാൻ നടപടി

**117 (3877)** ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ പ്രവർത്തനക്ഷമം അല്ലാത്ത എക്സ്റേ പ്ലാന്റുകൾ പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നാല് എക്സ്റേ യൂണിറ്റുകൾ പ്രവർത്തനക്ഷമമല്ല. രണ്ടു യൂണിറ്റിന്റെ കേടായ ട്യൂബ് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. രണ്ടാമത്തെ യൂണിറ്റ് ഇതുവരേയും ചില സാങ്കേതിക തടസ്സങ്ങളാൽ സ്ഥാപിച്ചിട്ടില്ല. ഇതു സ്ഥാപിക്കുന്നതിനായി കമ്പനിയുമായി സർക്കാർ തലത്തിൽ ചർച്ച നടത്തിക്കഴിഞ്ഞു. ഈ മാസം ഈ എക്സ്റേ യൂണിറ്റ് പ്രവർത്തനക്ഷമമാകുമെന്നു കരുതുന്നു. മൂന്നാമത്തെ യന്ത്രം കേടായത് നന്നാക്കുവാൻ സാധിക്കാത്തതിനാൽ കണ്ടം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നാലാമത്തെ മെഷീൻ റിപ്പയർ ചെയ്തു കൊണ്ടിരിക്കുകയാണ്. അതു ഉടനെ പ്രവർത്തനക്ഷമമാകും.

## തിരുവനന്തപുരത്ത് കേന്ദ്രസർക്കാരിന്റെ ആയുർവേദ ഉന്നത ഗവേഷണ സ്ഥാപനം

**118 (3882)** ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാർ തലസ്ഥാന നഗരിയിൽ ആയുർവേദത്തിനായി ഒരു ഉന്നത ഗവേഷണ സ്ഥാപനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ആയതിനാവശ്യമായ സ്ഥലം സർക്കാർ വിട്ടുകൊടുക്കേണ്ടതുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച നടപടികൾ എത്രത്തോളമായി എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് ഭാരത സർക്കാരിൽ നിന്ന് വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

## ആയുർവേദ ഡിപ്പാർട്ടുമെന്റിലെ സ്പെഷ്യൽ റൂൾ ഭേദഗതി

**119 (3883)** ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവേദ ഡിപ്പാർട്ടുമെന്റിലെ മെഡിക്കൽ ഓഫീസർ മുതൽ ഡയറക്ടർ വരെയുള്ളവരുടെ അടിസ്ഥാന യോഗ്യത എന്താണെന്ന് വ്യക്തമാക്കാമോ ;



LIBRARY ARCHIVES Kerala Legislative Assembly